പതിനാലാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *3

28.11.2018-ൽ മറുപടിക്ക്

## നവകേരള നിർമ്മാണത്തിനായി ക്രൗഡ് ഫണ്ടിംഗ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.രാജു എബ്രഹാം<br>,, ആർ. രാജേഷ്<br>,, കെ.ഡി. പ്രസേനൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രളയത്തിൽ വീടും സ്വത്തും ജീവനോപാധികളും നശിച്ചുപോയതു കൊണ്ട് സംസ്ഥാനത്തെ ജനങ്ങൾക്കുണ്ടായ നഷ്ടമെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; ഇവയുടെ പുന:സൃഷ്ടിക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി അറിയിക്കാമോ; | (എ) ഐക്യരാഷ്ട്രസഭയുടെ PDNA (Post Disaster Need Assessment) റിപ്പോർട്ട് പ്രകാരം ആകെ 26,718 കോടി രൂപയുടെ നഷ്ടമാണ് കേരളത്തിലുണ്ടായിരിക്കുന്നത്. 17,316 വീടുകൾ പൂർണമായും 2,16,000 വീടുകൾ ഭാഗികമായും (PDNA റിപ്പോർട്ട് അടിസ്ഥാനത്തിൽ) തകർന്നു. കൃഷി, ഊർജ്ജം, ജലസേചനം, ഗതാഗതം, ഉപജീവനമാർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള സർവ്വ മേഖലകളിലും വലിയ നാശനഷ്ടങ്ങളാണ് സംസ്ഥാനത്തുടനീളം പ്രളയം ഉണ്ടാക്കിയത്. കേരളത്തിന്റെ പുനർനിർമ്മാണത്തിനായി മുപ്പത്തിയൊന്നായിരം കോടി രൂപയെങ്കിലും വേണ്ടി വരുമെന്നാണ് PDNA റിപ്പോർട്ട് പ്രകാരം കണക്കാക്കിയിരിക്കുന്നത്. സർക്കാർ സംവിധാനം ഉപയോഗിച്ചുള്ള വിശദമായ പരിശോധനയ്ക്ക് ശേഷമേ ഇക്കാര്യങ്ങളിൽ കൃത്യമായ കണക്ക് ലഭ്യമാകൂ.<br>പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative - RKI) എന്ന ഒരു ബൃഹത് പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര |

| | |
|---|---|
| | രൂപരേഖ 09.11.2018ലെ G.O.(P) No. 16/2018/P&EA ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പുനർനിർമ്മാണ പദ്ധതി സമയ ബന്ധിതവും കാര്യക്ഷമവുമായി പ്രാവർത്തികമാക്കുന്നതിനുള്ള സംവിധാനം എന്താണ്; | (ബി) പുനരുദ്ധാരണ-പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു പ്രത്യേക ആർ.കെ.ഐ. സെക്രട്ടേറിയറ്റ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ഡോ.വി.വേണു ഐ.എ.എസിനെ ഇതിനോടകം നിയമിച്ചിട്ടുണ്ട്. ആർ.കെ.ഐ. യുടെ മേൽനോട്ട സംവിധാനത്തിൽ മന്ത്രിസഭ, ഉപദേശക സമിതി, ഉന്നതാധികാര സമിതി, ആർ.കെ.ഐ. നിർവ്വഹണ സമിതി, ആർ.കെ.ഐ. സെക്രട്ടേറിയറ്റ്, വകുപ്പുതല ജില്ലാതല സമിതികൾ എന്നിവ ഉൾപ്പെടുന്നു.<br><br>**മന്ത്രിസഭ:**<br>പുനർനിർമ്മാണം മന്ത്രിസഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിരീക്ഷണത്തിലുമാണ് നടക്കുക. ആർ.കെ.ഐ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നതും മന്ത്രിസഭയായിരിക്കും.<br><br>**ഉപദേശക സമിതി:**<br>ഉപദേശക സമിതിയിൽ മുഖ്യമന്ത്രി, കേന്ദ്ര ടൂറിസം വകുപ്പ് സഹമന്ത്രി, റവന്യൂ, ജലസേചനം, തുറമുഖം/മ്യൂസിയം, ട്രാൻസ്പോർട്ട് തുടങ്ങിയ വകുപ്പ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, കൂടാതെ ഭരണരംഗത്ത് മികവ് തെളിയിച്ച രണ്ടു പേർ, ഒരു യുവസംരംഭകൻ, എഞ്ചിനീയറിംഗ്, പരിസ്ഥിതി, സാമൂഹ്യ സേവനം, ബിസിനസ്സ്/ വ്യവസായം, സാമ്പത്തികം തുടങ്ങിയ മേഖലകളിൽ കഴിവ് തെളിയിച്ച പ്രഗത്ഭരെയും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ആർ.കെ.ഐ.ക്ക് ആവശ്യമായ സാങ്കേതികവും പ്രാവർത്തികവുമായ നിർദ്ദേശങ്ങൾ നൽകാനാണ് |

ഉപദേശകസമിതി രൂപീകരിച്ചിട്ടുള്ളത്. ആർ. കെ.ഐ ഏറ്റെടുക്കുന്ന എല്ലാ പ്രോജക്ടുകളുടെയും വിശദാംശങ്ങൾ ഉപദേശക സമിതിയുടെ നിർദ്ദേശങ്ങൾക്കായി സമർപ്പിക്കുന്നതാണ്. മുഖ്യമന്ത്രി ചെയർമാനും ചീഫ് സെക്രട്ടറി മെമ്പർ സെക്രട്ടറിയുമാണ്.

**ഉന്നതാധികാര സമിതി:**

ആർ.കെ.ഐയുടെ കീഴിൽ വരുന്ന പദ്ധതികളുടെ കാര്യത്തിൽ, മന്ത്രിസഭ അംഗീകരിച്ച പ്രോജക്ട് രൂപരേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകേണ്ടത് ഉന്നതാധികാര സമിതി ആയിരിക്കും. ചീഫ് സെക്രട്ടറി അധ്യക്ഷനായ ഈ സമിതിയിൽ ധനകാര്യ, ആസൂത്രണ വകുപ്പുകളുടെ സെക്രട്ടറിമാരും ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാരും അംഗങ്ങളാണ്. ആർ.കെ.ഐയുടെ സി.ഇ.ഒ ആണ് ഈ സമിതിയുടെ മെമ്പർ സെക്രട്ടറി.

**ആർ.കെ.ഐ നിർവ്വഹണ സമിതി:**

പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും അവ ഉന്നതാധികാര സമിതിയുടെയും തുടർന്ന് മന്ത്രിസഭയുടെയും അംഗീകാരത്തിന് സമർപ്പിക്കേണ്ടതും ആർ.കെ.ഐ നിർവ്വഹണ സമിതിയാണ്. ബന്ധപ്പെട്ട വകുപ്പുകളിലൂടെ പദ്ധതി നിർവ്വഹണത്തിനാവശ്യമായ പിന്തുണാസംവിധാനങ്ങൾ ആർ. കെ.ഐ സെക്രട്ടേറിയേറ്റ് ലഭ്യമാക്കും. ആർ.കെ. ഐയുടെ ദൈനംദിന മേൽനോട്ടം ഈ സമിതിക്കായിരിക്കും.

| | |
|---|---|
| (സി) വിദേശ സഹായം സ്വീകരിക്കുന്നതിലും വായ്പ പരിധി ഉയർത്തുന്നതിലും കേന്ദ്രസർക്കാർ അനുമതി നൽകാത്ത സാഹചര്യത്തിൽ പുന:സൃഷ്ടിക്കാ | (സി) സംസ്ഥാന വിഹിതം, ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക് തുടങ്ങിയവയിൽ നിന്നുള്ള വായ്പ, കേന്ദ്ര പദ്ധതികളിലൂടെയുള്ള അധിക വിഭവ സമാഹരണം, ക്രൗഡ് ഫണ്ടിംഗ്, മുഖ്യമന്ത്രിയുടെ |

വശ്യമായി വരുന്ന വലിയ തുക സമാഹരിക്കാനുദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതം, നബാർഡ്, ഹഡ്കോ തുടങ്ങിയവ വഴിയുള്ള ധനസമാഹരണം, കേന്ദ്ര ഗവൺമെന്റ് പദ്ധതികളിലെ ഫ്ലെക്സി ഫണ്ട് ഉപയോഗിക്കൽ തുടങ്ങിയവയും ഉൾപ്പെടുന്നു. കൂടാതെ, കൂടുതൽ കേന്ദ്രവിഹിതം അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതുമാണ്.

ഡി) നവകേരള നിർമ്മാണത്തിന് ക്രൗഡ് ഫണ്ടിംഗിന്റെ സാധ്യതയും ഇതിനായി രൂപീകരിക്കാനുദ്ദേശിക്കുന്ന മിഷന്റെ രൂപരേഖയും അറിയിക്കാമോ?

(ഡി) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി വേണ്ടി വരുന്ന തുക ക്രൗഡ് ഫണ്ടിംഗ് ഉൾപ്പെടെ വിവിധ മാർഗ്ഗങ്ങളിലൂടെയാണ് സ്വരൂപിക്കുന്നത്. അന്താരാഷ്ട്ര കൺസൾട്ടിങ് സ്ഥാപനമായ KPMG in India പ്രളയാനന്തരം സൗജന്യമായി ലഭ്യമാക്കിയ സേവനങ്ങളിൽ ക്രൗഡ് ഫണ്ടിംഗിനായുള്ള ഒരു ഓൺലൈൻ പ്ലാറ്റ്ഫോം രൂപീകരിച്ച് https://rebuild.kerala.gov.in എന്ന വെബ് അഡ്രസ്സിൽ ഹോസ്റ്റ് ചെയ്ത് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

**ക്രൗഡ് ഫണ്ടിംഗ്:**

ധനസമാഹരണത്തിന്റെ വിവിധ മാർഗങ്ങളിലൊന്നാണ് ക്രൗഡ് ഫണ്ടിംഗ്. ക്രൗഡ് ഫണ്ടിംഗ് പ്ലാറ്റ്ഫോം നിയതമായ പദ്ധതികൾക്ക് ആവശ്യമായ ധനസമാഹരണം, ചെറിയ തുക മുതൽ വലിയ സംഭാവന വരെ സമാഹരിക്കുന്ന രീതിയിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. വ്യക്തിഗത ഭവനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അംഗൻവാടികൾ എന്നിവയുടെ പുനർനിർമ്മാണത്തിനും മൃഗസംരക്ഷണ മേഖലയിൽ ഉണ്ടായ നഷ്ടം നികത്തുന്നതിനാവശ്യമായ പദ്ധതികളുടെ വിശദാംശങ്ങളും ഇപ്പോൾ പോർട്ടലിൽ ലഭ്യമാണ്. സർക്കാർ ആശുപത്രികളുടെ പുനർനിർമ്മാണത്തിന് ആവ

ശ്യമായ പദ്ധതികൾ ആരോഗ്യവകുപ്പ് ഇതിനകം തയ്യാറാക്കിയതിനാൽ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ പദ്ധതി തയ്യാറാക്കുന്നത് സർക്കാർ വകുപ്പുകളും ഏജൻസികളുമാണ്. പോർട്ടലിൽ ലഭ്യമാക്കിയ പദ്ധതികളിലേയ്ക്ക് വ്യക്തികൾ, സ്ഥാപനങ്ങൾ, കമ്പനികൾ എന്നിവയ്ക്ക് ലോകമെമ്പാടും നിന്ന് സംഭാവനകൾ നൽകാൻ കഴിയും. ഇത്തരത്തിൽ ഏതെങ്കിലുമൊരു പ്രോജക്ടിന് പൂർണ്ണമായോ, ഭാഗികമായോ ധനസഹായം ലഭ്യമാക്കിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പദ്ധതി നടത്തിപ്പിന്റെ പുരോഗതി പോർട്ടലിൽ കൂടി നിരീക്ഷിക്കാനും വിലയിരുത്താനും സൗകര്യമൊരുക്കിയിട്ടുണ്ട്. പോർട്ടൽ വീക്ഷിക്കുന്ന ഏതൊരാൾക്കും വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അറിയാനും അവർക്ക് താൽപ്പര്യമുള്ള മേഖലകളിൽ പുനർനിർമ്മാണം നടത്താനുമുള്ള ജില്ല, പഞ്ചായത്ത് എന്നിവ തെരഞ്ഞെടുത്ത് അതിലൊന്നോ, ഒന്നിലേറെയോ പദ്ധതികളിൽ നിക്ഷേപിക്കാനും ഏതെങ്കിലും പദ്ധതിയിൽ ഭാഗികമായി ധനസഹായം ലഭ്യമാക്കാനും അവസരമുണ്ടാകും. തികഞ്ഞ സുതാര്യതയും വിശ്വസനീയതയും ഉറപ്പാക്കി കേരളത്തിന്റെ പുനർനിർമ്മാണത്തിൽ പങ്കുവഹിക്കാൻ താൽപ്പര്യമുള്ള ഏതൊരാളെയും അണിനിരത്താനുതകുന്ന തരത്തിലാണ് ക്രൗഡ് ഫണ്ടിംഗ് പോർട്ടൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ നൽകുന്ന സംഭാവനകൾക്ക് 80G വകുപ്പ് പ്രകാരമുള്ള ആദായനികുതി ഇളവ് ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ